"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- സർക്കാർ മെഡിക്കൽ കോളേജ് കോട്ടയം -ഇ-ഹെൽത്ത് ഉപകരണങ്ങളുടെ AMC പുതുക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ തുക കെൽട്രോണിന് അനുവദിച്ചു നൽകിയ നടപടി സാധൂകരിച്ച് - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേ (പി) വകുപ്പ്**

G.O.(P)No.18/2026/H&FWD തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:-
1. 26.02.2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 554/2025/ആ.കു.വ നമ്പർ ഉത്തരവ്
2. 25.03.2025 തീയതിയിലെ GMCKTM/712/2024-A10 നമ്പർ നടപടി ക്രമം.
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 31.12.2025 ലെ പിഎ3/3211/2025/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ ഇ-ഹെൽത്ത് ഉപകരണങ്ങളുടെ AMC പുതുക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ 2210-05-105-30-34- OC (P) എന്ന ശീർഷകത്തിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ₹10,00,000/-രൂപയുടെ ഭരണാനുമതി നൽ കിയിരുന്നു. എന്നാൽ കോളേജിലെ ഇ -ഹെൽത്ത് ഉപകരണങ്ങളുടെ AMC യുടെ എസ്റ്റിമേറ്റ് കെൽട്രോണിൽ നിന്നും ലഭ്യമായെങ്കിലും ഇ-ഹെൽത്ത് ഉപകരണങ്ങളുടെ വാറണ്ടി കാലാവധി കഴിഞ്ഞ സാഹചര്യത്തിലും, ഇ ഹെൽത്തിന്റെ സുഗമമായ നടത്തിപ്പിനും, ലഭ്യമായ ഫണ്ട് നഷ്ടപ്പെടാതിരിക്കാനുമായി സർക്കാർ അനുവാദമില്ലാതെ ₹9,29,840/- രൂപ (7,88,000+1,41,840(GST)(നികുതിയടക്കം) പരാമർശം (2) ലെ നടപടിക്രമ പ്രകാരം കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ കെൽട്രോണിന് നൽകുകയുണ്ടായി. സർക്കാർ അനുമതിയില്ലാതെ മേൽതുക നൽകിയ കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ നടപടി സാധൂകരിക്കണമെന്ന്, പരാമർശം (3) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ആഭ്യർത്ഥിക്കുകയുണ്ടായി. സർക്കാർ ഐ.ടി പ്രതിനിധിയെ

ഉൾപ്പെടുത്തി ഡി.എം.ഇ തലത്തിൽ ചേർന്ന യോഗത്തിൽ AMC പുതുക്കിയ പ്രിൻസിപ്പാളിന്റെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചിട്ടുള്ളതായും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ ഇ-ഹെൽത്ത് ഉപകരണങ്ങളുടെ AMC പുതുക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ 2210-05-105-30-34- OC (P) ശീർഷകത്തിൽ ഭരണാനുമതി നൽകിയ ₹10,00,000/-രൂപയിൽ ₹9,29,840/- രൂപ (7,88,000+1,41,840(GST)(നികുതിയടക്കം) കോട്ടയം മെഡിക്കൽ കോളേജിലെ ഇ-ഹെൽത്ത് ഉപകരണങ്ങളുടെ AMC പുതുക്കുന്നതിനായി അനുവദിച്ച നൽകിയ കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നടപടി ഇതിനാൽ സാധൂകരിച്ച് ഉത്തരവാകുന്നു. അതോടൊപ്പം ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന താക്കീതും ഇതോടൊപ്പം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUBHASH R
ADDITIONAL SECRETARY

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ്, കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ(ഹെൽത്ത്-എ) വകുപ്പിന് (അറിവിലേയ്ക്കായി)

ഡയറക്ടർ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-P2/15/2026-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 02-02-2026 13:39:46

സെക്ഷൻ ഓഫീസർ